# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2792 17.06.2019 -ൽ മറുപടിക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം

**ചോദ്യം**

ശ്രീ.എ.പ്രദീപ്കുമാർ
ശ്രീ.എം.നൗഷാദ്
ശ്രീ.ഐ.ബി.സതീഷ്
ശ്രീ.വി.അബ്ദുറഹിമാൻ

**ഉത്തരം**

ശ്രീ. ടി.പി. രാമകൃഷ്ണൻ
(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 35 ലക്ഷത്തോളം തൊഴിലന്വേഷകരുടെ വിവരം ഡിജിറ്റലൈസ് ചെയ്ത് ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന ഓൺലൈൻ സോഫ്റ്റ്വെയർ മുഖേന 03.05.2017 മുതൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. www.employment.kerala.gov.in എന്ന വെബ്സൈറ്റ് വഴി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും തൊഴിലന്വേഷകർക്ക് ലഭ്യമാകുന്ന പ്രത്യക്ഷമായ സേവനങ്ങൾ എല്ലായ്പ്പോഴും എവിടെ നിന്നും ലഭ്യമാണ്. വെബ്സൈറ്റ് വഴി രജിസ്ട്രേഷൻ, പുതുക്കൽ, സർട്ടിഫിക്കറ്റ് ചേർക്കൽ, ട്രാൻസ്ഫർ, റീ-രജിസ്ട്രേഷൻ, വ്യക്തിഗത വിവരങ്ങളുടെ അപ്ഡേഷൻ തുടങ്ങിയ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി പ്രത്യക്ഷമായി നൽകുന്ന എല്ലാ സേവനങ്ങളും ഓൺലൈൻ ആക്കിയിട്ടുണ്ട്<br>കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും പേപ്പർരഹിത ഓഫീസുകളാക്കുക എന്ന ലക്ഷ്യത്തോട് കൂടി എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി വരികയാണ്. ഇതേ വരെ |

| | | | |
|---|---|---|---|
| | | | 55 ഓഫീസുകളിൽ ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി കഴിഞ്ഞു. ബാക്കിയുള്ള ഓഫീസുകളിൽ കൂടി ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി വരികയാണ്. കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ എത്തുന്ന ഉദ്യോഗാർത്ഥികൾക്ക് ഏറ്റവും മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിനുള്ള സുഗമമായ അന്തരീക്ഷം ഒരുക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി സർക്കാർ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ഭൗതിക സൗകര്യങ്ങൾ പദ്ധതി വിഹിതം ഉപയോഗിച്ച് മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരികയാണ്.<br>സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ കൂടി കേരളത്തിലെ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്ക് ലഭ്യമാക്കുന്നതിനായി ഒരു പ്രൈവറ്റ് ജോബ് പോർട്ടൽ വികസിപ്പിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ച് വരികയാണ്.<br>കൂടാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.<br>1. എംപ്ലോയബിലിറ്റി സെന്റർ<br>2. കരിയർ ഡെവലപ്മെന്റ് സെന്റർ (സി.ഡി.സി)<br>3. മോഡൽ കരിയർ സെന്റർ<br>4. നിയുക്തി മെഗാ ജോബ് ഫെയർ |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന തൊഴിൽ ലഭ്യമായവരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള ഏതെല്ലാം സേവനങ്ങളാണ് ഓൺലൈനിലൂടെ ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ചുവടെ ചേർത്തിട്ടുള്ള പ്രവർത്തനങ്ങൾ ഓൺലൈൻ മുഖേനയാണ് നടക്കുന്നത്.<br>1. പുതിയ രജിസ്ട്രേഷൻ |

| | | | |
|---|---|---|---|
| | | | 2. അധിക യോഗ്യത ചേർക്കൽ (Addition of Qualification)<br>3. രജിസ്ട്രേഷൻ പുതുക്കൽ<br>4. ഗവണ്മെന്റ് ഓർഡർ മുഖേനയുള്ള സ്പെഷ്യൽ റിന്യൂവൽ<br>5. രജിസ്ട്രേഷൻ ട്രാൻസ്ഫർ<br>6. റീ - രജിസ്ട്രേഷൻ<br>കൂടാതെ ഉദ്യോഗാർത്ഥികൾക്ക് എവിടെ നിന്നും എപ്പോഴും അവരുടെ സീനിയോറിറ്റി ലിസ്റ്റും ഓൺലൈൻ മുഖേന കാണാവുന്നതാണ്. |
| (ഡി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകളാക്കി മാറ്റുന്നതിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ഡി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകളാക്കി മാറ്റുന്നതിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളുടെ ഭാഗമായി കാസർഗോഡ്, മലപ്പുറം, തൃശ്ശൂർ എന്നീ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**